(ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ സീറ്റിൽ ഇല്ലാത്തതിനാൽ ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടില്ല)

(4) അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പതാമത് റിപ്പോർട്ട്

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VI നിയമനിർമ്മാണം

(1) 2011-ലെ കേരള പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, പ്ലാച്ചിമടയിലെ ജനങ്ങളും പൊതു സമൂഹവും വർഷങ്ങളായി ഉന്നയിക്കുന്ന ഒരാവശ്യം ഇന്നു സാക്ഷാത്കരിക്കപ്പെടുകയാണ്. ആദിവാസി ജനവിഭാഗവും മറ്റു ദരിദ്രരും അടങ്ങിയ പ്ലാച്ചിമടയിലെ ജനങ്ങൾ ഏതാണ്ട് ഒരു പതിറ്റാണ്ടായി അനുഭവിക്കുന്ന ദുരിതങ്ങൾക്ക് അവയുടെ കർത്താവായ കൊക്കകോള കമ്പനിയിൽനിന്ന് നഷ്ടപരിഹാരം ഈടാക്കുക എന്ന ബാദ്ധ്യത ഈ സർക്കാർ നിറവേറ്റുകയാണ്.

The Plachimada Cocacola Victim Relief and Compensation Claims Special Tribunal Bill, 2011 കേരളത്തിന്റെ നിയമനിർമ്മാണ ചരിത്രത്തിലെ വഴിത്തിരിവാണ്. ഇന്ത്യൻ ഭരണഘടനയുടെ 21-ാം അനുച്ഛേദം നിയമംവഴി

LIBRARY ARCHIVES Kerala Legislative Assembly